# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5725 28/03/2018-ന് മറുപടിക്ക്

## നദീ സംയോജനം സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ നിലപാട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കൃഷ്ണൻകുട്ടി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) ഇന്ത്യയിലെ വിവിധ നദികൾ സംയോജിപ്പിക്കുന്നത് സംബന്ധിച്ച് സർക്കാരിൽ നിന്നും അഭിപ്രായം ആരാഞ്ഞു കൊണ്ട് എന്തെങ്കിലും കത്തോ സർക്കുലറോ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | എ) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| ബി)നദീ സംയോജനം കേരളത്തിലെ ഏതൊക്കെ നദികളെയാണ് ദോഷകരമായി ബാധിക്കുക ; ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കാമോ ; | ബി) കേരളത്തിന്റെ നദികളായ പമ്പയും അച്ചൻകോവിലാറും ബന്ധിപ്പിച്ച് തമിഴ്നാട്ടിലെ വൈപ്പാർ നദീ തടത്തിലേയ്ക്ക് തിരിച്ച് വിടുന്നതിനുള്ള പമ്പ-അച്ചൻകോവിൽ വൈപ്പാർ ലിങ്ക് പദ്ധതി 1995-ൽ രൂപകൽപന ചെയ്ത് ഉൾപ്പെടുത്തിയിട്ടുണ്ട്. പമ്പ-അച്ചൻകോവിൽ വൈപ്പാർ നദീ സംയോജന പദ്ധതി സംസ്ഥാനത്തെ പമ്പ, അച്ചൻകോവിൽ നദികളെയും അവ വന്നു പതിക്കുന്ന വേമ്പനാട് കായലിനെയും വളരെ പ്രതികൂലമായാണ് ബാധിക്കുന്നത്. ഈ നദികളിൽ അധികജലം ഇല്ല എന്നും 2050-ാം വർഷത്തോടെ രൂക്ഷമായ ജലക്ഷാമം (പ്രത്യേകിച്ചും പമ്പാ നദിയിൽ) അനുഭവപ്പെടുമെന്നും നദീ സംയോജന പദ്ധതി ഉണ്ടാക്കാൻ സാധ്യതയുള്ള എക്കോളജിക്കൽ ഇംപാക്ടിനെപ്പറ്റിയും CWRDM കോഴിക്കോട്, IIT ഡൽഹി എന്നീ വിദഗ്ധ ഏജൻസികളെ കൊണ്ട് പഠനം നടത്തി കേരളം വ്യക്തത വരുത്തിയിട്ടുണ്ട്. |

പമ്പ അച്ചൻ കോവിൽ വൈപ്പാർ ലിങ്ക് പദ്ധതി നടപ്പിലാക്കുമ്പോൾ കേരളത്തിലുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ച് കേരളം National Water Development Agency -യെ അറിയിച്ചിട്ടുണ്ട്. ഈ പദ്ധതിയെ പൂർണ്ണമായി എതിർക്കുന്ന കേരള സർക്കാരിന്റെ നിലപാട് ഈ പദ്ധതിയുടെ സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കിയ ദേശീയ ജലവികസന ഏജൻസിയുടെ വിവിധ യോഗങ്ങളിൽ കേരളം ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പൂർണ്ണമായി ഉപേക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് 11-ാം നിയമസഭയുടെ 6-ാം സമ്മേളനത്തിൽ , 06/08/2003-ന് കേരളാ നിയമസഭ പ്രമേയം പാസാക്കുകയുണ്ടായി.

22/06/2016-ൽ നടന്ന ദേശീയ ജലവികസന ഏജൻസിയുടെ 30-ാമത് വാർഷിക ജനറൽ യോഗത്തിലും 12/09/2017-ൽ നടന്ന 31-ാമത് വാർഷിക ജനറൽ യോഗത്തിലും പങ്കെടുത്ത കേരള ജലവിഭവ വകുപ്പ് മന്ത്രി പ്രസ്തുത പദ്ധതിയ്ക്കെതിരെ കടുത്ത പ്രതിഷേധം അറിയിക്കുകയും , ആയത് ഉപേക്ഷിക്കണമെന്നും കൂടാതെ ബന്ധപ്പെട്ട സംസ്ഥാനങ്ങളുടെ സമ്മതത്തോടു കൂടി മാത്രമേ നദീ സംയോജന പദ്ധതിയുടെ DPR തയ്യാറാക്കുവാനുള്ള നടപടികൾ സ്വീകരിക്കാവൂ എന്നും ആവശ്യപ്പെടുകയുണ്ടായി. ഇതേ തുടർന്ന് ബന്ധപ്പെട്ട സംസ്ഥാനങ്ങളുടെ സമ്മതത്തോടു കൂടി മാത്രമേ നദീ സംയോജന പദ്ധതി നടപ്പിലാക്കുകയുള്ളൂ എന്ന് കേന്ദ്ര മന്ത്രി (Water Resources, RD & GR) ഉറപ്പ് നൽകിയിട്ടുണ്ട്.

പമ്പ-അച്ചൻകോവിൽ-വൈപ്പാർ-ലിങ്ക് പദ്ധതി നടപ്പിലാക്കാനുള്ള ഏതൊരു ശ്രമവും കേരളത്തിന്റെ ഭാഗത്തു നിന്ന് തടയുവാൻ വേണ്ട സാദ്ധ്യമായ എല്ലാ മുൻകരുതലുകളും വകുപ്പ് തലത്തിലും സർക്കാർ തലത്തിലും സ്വീകരിച്ചു വരുന്നുണ്ട്.

| | |
|---|---|
| സി) കേരളത്തിൽ ഉത്ഭവിക്കുന്ന | സി) കേരളത്തിന്റെ വൃഷ്ടി പ്രദേശങ്ങളിൽ നിന്നും |

| | |
|---|---|
| നദികളിൽ നിന്നും മൊത്തം മഴയിലൂടെ എത്ര ടി.എം.സി ജലം ലഭിക്കുന്നുവെന്നും അതിൽ കേരളം തമിഴ്നാട്, കർണ്ണാടക ഈ സംസ്ഥാനങ്ങൾക്ക് അവകാശപ്പെട്ട ജലം എത്രയെന്ന് വ്യക്തമാക്കാമോ ; | 2483.49 ടി.എം.സി ജലവും കേരളത്തിനു പുറമെ തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലെ വൃഷ്ടി പ്രദേശത്തു നിന്നും 272.63 ടി.എം.സി ജലവും പ്രതിവർഷം ഒഴുകി എത്തുമെന്നാണ് 1974-ലെ "Water Resources of Kerala" കണക്കാക്കിയിട്ടുള്ളത്. തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങൾക്ക് ഇതിൽ അവകാശപ്പെട്ട ജലം എത്രയെന്ന് കൃത്യമായി കണക്കാക്കാൻ നിലവിൽ ചട്ടങ്ങൾ ഒന്നുമില്ല. |
| ഡി)കേരളത്തിന് അവകാശപ്പെട്ട ജലം പൂർണ്ണമായും ഉപയുക്തമാക്കാൻ അന്തർസംസ്ഥാന നദീജല വിഭാഗം ജല വിഭവ വകുപ്പിന് നൽകിയ നിർദ്ദേശങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ? | ഡി) കേരളത്തിന് അവകാശപ്പെട്ട ജലം പൂർണ്ണമായി ഉപയുക്തമാക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുവാനുള്ള നടപടികൾ പ്രോജക്ടുകൾ കൈകാര്യം ചെയ്യുന്ന ചീഫ് എഞ്ചിനീയർമാർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

SD

"JALVI..."

Off : 22230..
222022
Res. : 317126

# राष्ट्रीय जल विकास अभिकरण

(भारत सरकार के जल संसाधन मंत्रालय के अधीनस्थ सोसाइटी)

# National Water Development Agency

(A Govt. of India Society under Ministry of Water Resources)

Office of the Chief Engineer (South)
10-2-289/39, Shantinagar,
Hyderabad-500 028.

NWDA/ CE(S)/PAV/95-DB/...

Dt. 2-8-95

Sub: Feasibility report on the Pamba-Achankovil-Vaippar link project.

A copy of the feasibility report of Pamba-Achankovil-Vaippar link project is sent herewith for information and furnishing observations/comments/suggestions, if any, at an early date direct to the Director General, National Water Development Agency, Commercial Complex, Saket, New Delhi-110 017 with a copy to this office. The report is likely to be discussed at the next meeting of Technical Advisory Committee of the NWDA.

Copies of this report have also been sent to the concerned States and others for their comments.

(R.VIDYASAGAR RAO)
CHIEF ENGINEER(SOUTH)

Encl:As above

The Chairman, Central Water Commission, Sewa Bhawan, R.K.Puram, New Delhi-110 066.
The Member(WP), Central Water Commission, Sewa Bhawan, R.K. Puram, New Delhi-110 066.
The Member (D&R), Central Water Commission, Sewa Bhawan, R.K. Puram, New Delhi-110 066.
The Member(HEP), Central Electricity Authority, New Delhi.
The Joint Secretary, Department of Agriculture, New Delhi.
The Advisor(JA), Ministry of Environment & Forests, New Delhi.
The Director General, Geological Survey of India, Calcutta.
The Chairman, Central Ground Water Board, Krishi Bhawan,, New Delhi.
The Director General, India Meteorological Department, Mausam Bhawan, Lodhi Road, New Delhi-110 003.

...2

::::2::::

alongwith enclosures forwarded for information and ...ary action to:

...ommissioner & Secretary, Irrigation Department, Govt. of ..., Thiruvanantapuram

...hief Engineer, Irrigation Design & Research Board, 2nd ... Vikas Bhawan, Thiruvananthapuram-695 001.

...ommissioner-cum-Secretary, P.W.D., Govt. of Tamilnadu, ...

...hief Engineer(Irrigation), Public Works Department, Govt. ...milnadu, Chepauk, Madras-600 005.

...bove.

(R.VIDYASAGAR RAO)
CHIEF ENGINEER(SOUTH)

...ngwith enclosures forwarded for information and necessary ...

...rector General, NWDA, Commercial Complex, Saket, New ...110 017(15 copies of the report)-

... Engineer(North), NWDA, Bhubaneshwar.

...erintending Engineer, Inv.Circle, NWDA, Hyderabad

...erintending Engineer, Inv.Circle, NWDA, Bangalore

...xecutive Engineer, Inv.Divn., Bangalore/Madras/pune/ ...ndrum.

...bove

(R.VIDYASAGAR RAO)
CHIEF ENGINEER(SOUTH)